കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രസിദ്ധീകൃത നെടുമങ്ങാട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.119/2020/ തസ്വഭവ *തീയതി, തിരുവനന്തപുരം, 12/08/2020*

---

പരാമർശം:- (1) സ.ഉ(കൈ)നം.127/19/ തസ്വഭവ തീയതി 14/10/19.

(2) നെടുമങ്ങാട് നഗരസഭ സെക്രട്ടറിയുടെ 25/02/2020-ലെ TP1/PC1/2250/13 നമ്പർ കത്ത്.

(3) മുഖ്യനഗരാസൂത്രകന്റെ 16/03/2020-ലെ എഫ്2(ഇ 2)/8098/12 നമ്പർ കത്ത്.

ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം നെടുമങ്ങാട് കരട് മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. അതിൻ പ്രകാരം 02/12/19-ൽ മാസ്റ്റർ പ്ലാൻ മുനിസിപ്പാലിറ്റിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഇതു സംബന്ധിച്ച നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും നഗരസഭ സ്വീകരിക്കുകയുണ്ടായി. 10/12/19-ൽ നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചെങ്കിലും ഇക്കാര്യം യഥാസമയം അറിയാൻ കഴിയാത്തതിനാൽ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് 2016 സെക്ഷൻ 36(4) അനുസരിച്ച് മാസ്റ്റർ പ്ലാനിലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കേണ്ട സമയ പരിധിയായ ഗസറ്റ് വിജ്ഞാപന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഇതിനുള്ള സമയപരിധി 07/04/2020 വരെ ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (2) പ്രകാരം നെടുമങ്ങാട് നഗരസഭ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

(2) 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് സെക്ഷൻ 36(11)-ലെ വ്യവസ്ഥകൾ പ്രകാരം സെക്ഷൻ 36(4) അനുസരിച്ചുള്ള സമയ പരിധി മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാരിന് ആറു മാസത്തിൽ കവിയാത്ത കാലയളവു വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അപ്രകാരം നെടുമങ്ങാട് കരട് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി 30/04/2020 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശ പരിഗണിച്ചും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉണ്ടായ നിയന്ത്രണങ്ങൾ കണക്കിലെടുത്തും നെടുമങ്ങാട് കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനുള്ള

സമയപരിധി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് സെക്ഷൻ 36(11) പ്രകാരം 31/07/2020 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
നന്ദന ആർ പി
ഡെപ്യൂട്ടി സെക്രട്ടറി.

പകർപ്പ്

(1) സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
(2) മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
(3) ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
(4) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
(5) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.